പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം**

**നം.876** **30.11.2018-ൽ മറുപടിയ്ക്ക്**

## കായംകുളത്തെ മൾട്ടിപ്ലക്സ് തീയറ്റർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.യു.പ്രതിഭ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) കായംകുളത്ത് നിർമ്മിക്കുന്ന മൾട്ടിപ്ലക്സ് തീയറ്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ; | (എ) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തീയേറ്റർ നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് കായംകുളം നഗരസഭ കൈമാറിയിട്ടുള്ള സ്ഥലത്ത് മൾട്ടിപ്ലക്സ് തീയേറ്റർ നിർമ്മാണത്തിന്റെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ബി) പ്രസ്തുത തീയേറ്റർ കോംപ്ലക്സിൽ എന്തെല്ലാം ആധുനിക സംവിധാനങ്ങളാണ് ഒരുക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) നിർദ്ദിഷ്ട കായംകുളം മൾട്ടിപ്ലക്സ് തീയേറ്റർ കോംപ്ലക്സിൽ 152 വീതം ഇരിപ്പിടങ്ങളുള്ള രണ്ട് തീയേറ്ററുകളും 200 ഇരിപ്പിടങ്ങളുള്ള ഒരു തീയേറ്ററുമാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. ടി തീയേറ്ററുകളിൽ ഏറ്റവും ആധുനിക ശബ്ദക്രമീകരണമായ അറ്റ്മോസ് ശബ്ദ സംവിധാനം, മികച്ച ശീതീകരണ സംവിധാനം, പുഷ്ബാക്ക് സീറ്റുകൾ, 4K പ്രൊജക്ഷൻ സംവിധാനം, മികച്ച് ടോയ് ലെറ്റ് സൗകര്യം തുടങ്ങി അത്യാധുനിക രീതിയിലുള്ള സംവിധാനങ്ങളാണ് പ്രേക്ഷകർക്കായി ഒരുക്കുന്നത്. ഇതിനു പുറമെ 200 sq.m ൽ ഷോപ്പിംഗ് സംവിധാനവും വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ